# E-DROPS






GVHSS ARYANAD

*Determination is the power that sees us through all our frustrations and obstacles. Its helps in building our willpower which is the very basis of success*

---

*Dr APJ Abdulkalam*




little
KITEs


ഗവ: വൊക്കേഷണൽ & ഹയർ സെക്കൻഡറി സ്ക്കൂൾ, ആര്യനാട്
മലയാളം & ഇംഗ്ലീഷ് മീഡിയം
തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്
2016–2017


# എഡിറ്റോറിയൽ

വിവരസാങ്കേതിക വിദ്യ ഇന്ന് വികസിച്ചുകൊണ്ടിരിക്കുകയാണ്. വിവരസാങ്കേതവിദ്യയുടെ വിശാലമായ ലോകത്ത് ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സിന്റെ കൊച്ചുമാഗസീനാണ് **E-drops......................**

എഡിറ്റർ



# എഡിറ്റോറിയൽ ബോർഡ്






അഭിനവ് എ എസ്
(ലീഡർ)



ശബരിനാഥ് എച്ച്
(എഡിറ്റർ)

# ആശംസ

ആര്യനാട് ഗവ.ഹയർ സെക്കന്ററി സ്കൂളിന്റെ
ഈ വർഷത്തെ സ്കൂൾ  ഡിജിറ്റൽ മാഗസിൻ

 'E-DROPS' എന്ന തലക്കെട്ടിൽ പ്രസിദ്ധികരിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു.

പഠനം എന്നത് മാർക്കുവാങ്ങാൻ മാത്രമുള്ള

കുറുക്കുവഴികളിന്മേലുള്ള കയ്യടക്കമായി

മാത്രം മാറുന്ന അവസ്ഥയ്ക്ക് മാറ്റം സൃഷ്ടിച്ചുകൊണ്ട് സ്വന്തം മനസാക്ഷി കാത്തുസൂക്ഷിക്കുവാൻ കുട്ടികളുടെ സർഗ്ഗസൃഷ്ടികൾക്കും പുതിയ മാനവും ശക്തിയും ഈ ഡിജിറ്റഷ മാഗസിൻ.

വായനയ്ക്ക് ഒരു പുത്തൻ ഉണർവ് നൽകുകയും

സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും സമൂഹഹൃദയത്തിലേക്ക് വെളിച്ചം പകർന്നുകൊണ്ട് യാതന അനുഭവിക്കുന്നവർക്ക് ഒരു താങ്ങും തണലുമാകുവാൻ ഈ മാഗസിനിലൂടെ

സാധിക്കട്ടെ.ഈ മാഗസിന്റെ അണിയറയിൽ

അഹോരാത്രം പ്രവർത്തിച്ചവർക്ക് എല്ലാ

പിന്തുണയും അഭിനന്ദനവും നൽകിക്കൊണ്ട്

ഈ മാഗസിൻ പൊതുസമൂഹത്തിന്റെ നന്മയ്ക്കായി സമർപ്പിക്കുവാൻ എല്ലാവരുടെയും

അനുഗ്രഹ ആശംസകളും അഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിക്കട്ടെ.



സ്നേഹപൂർവ്വം

രഘു വി.കെ

പ്രിൻസിപ്പാൾ

# ആശംസ

***ആര്യനാട് ഗവ.ഹയർ സെക്കന്ററി***

***സ്കൂളിന്റെ ഓരോ അധ്യായന വർഷത്തിലെയും അടയാളപ്പെടുത്തലുകൾ ഡിജിറ്റൽ***

***മാഗസിനിലൂടെ നമ്മൾ***

***നടത്തിയിട്ടുണ്ട്.അതിന്റെ തുടർച്ചയായി ഈ വർഷത്തെയും ധന്യമുഹൂർത്തങ്ങളെ,***

***,സർഗ്ഗപ്രതിഭകളെ അടയാളപ്പെടുത്തുകയാണ് നിങ്ങളുടെ മുന്നിൽ.ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.***

***സ്നേഹപൂർവ്വം***

***ബ്രിജിറ്റ് ഇ എൽ***

***വൈസ് പ്രിൻസിപ്പാൾ***



# ആശംസ

*ആര്യനാട് ഗവ.ഹയർസെക്കന്ററി സ്കൂളിലെ*

*ഈ വർഷത്തെ ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുകയായി.നമ്മുടെ വിദ്യാലയത്തിന്റെ മഹത്വത്തെ എന്നെന്നും സൂക്ഷിക്കാൻ ഇതൊരു*

*മുതൽ കൂട്ടാവുകതന്നെ ചെയ്യും.കഴിഞ്ഞുപ്പോയ*

*അധ്യായന ദിനസങ്ങളിലെ ഓർമകളും*


*നന്മകളും ഒത്തൊരുമിച്ചുള്ള ഈ മാഗസിന്*

*സർവ്വവിധ നന്മകളും ആശംസിക്കുന്നു.*

*സ്നേഹപൂർവ്വം*

*സിന്ധു ലേഖ ഒ കെ*

*പ്രിൻസിപ്പാൾ(വി.എച്ച്.എസ്.ഇ)*


NATIONAL CADET CORPS
NCC


തൊഴിലധിഷ്ഠിത
വിദ്യാഭ്യാസം നേടാൻ
VHSE

# ശലഭോദ്യാനം
















# LITTLE KITES











**താളുകൾ മറിയുമ്പോൾ**

E-DROPS G VHSS ARYANAD........................................................1
ശലഭോദ്യാനം........................................................................14
LITTLE KITES........................................................................15
നിനക്കായ് സഖീ......................................................................18
MY FRIEND..........................................................................19
LONELINESS.........................................................................20
Earth Day.............................................................................21
അർദ്ധ വിരാമങ്ങൾ..................................................................22
मेरे सपने..............................................................................23
വനമില്ലെങ്കിൽ നാമില്ല.................................................................24
ബുദ്ധിയുടെ ബഹുമുഖ വികാസവും പഠനപ്രക്രിയയും.....................................26
പരിഹാര മാർഗ്ഗങ്ങൾ.................................................................29
ഒ എൻ വി കുറുപ്പ്.....................................................................30
ഓർമ്മ..................................................................................30
കുട്ടികളെ ബലികൊടുക്കരുതേ.........................................................31
റിപ്പോർട്ട്...............................................................................33



# നിനക്കായ് സഖീ

മാറിലെ ജലകണം ഇറ്റിറ്റുപോകുന്ന പോൽ എൻ
സൗഹൃദമേ നീ ഇന്നെന്നിൽ നിന്നും അകലുന്നുവോ?
മധുരം കിനിഞ്ഞെന്നപോലെ നമ്മുടെ സൗഹൃദം
എന്നും പവിത്രമായിരിക്കട്ടെ...




മധുരമൊരോർമ്മതൻ മധുഗന്ധമേകിയോ..
മഴയായി വന്നപോലുള്ള എൻ സൗഹൃദമേ
മധുരം പകർന്നു നീ എന്നിൽ
എന്നിലെ മിഴിനീരിൽ തന്ത്രികൾ
എന്തിനോ നിൻവിരലാൽ നീ തഴുകി
എന്തിനെൻ മനതാരിൽ അന്നു നീ സൃഷ്ടിച്ച
ഏങ്ങലടക്കുവാനാണോ അതോ എല്ലാം മറക്കുവാനാണോ
സൗഹൃദമേ ഇന്നു നീയെൻ ഓർമ്മ മാത്രമാണോ?
ദൂരേയ്ക്കു മറയുന്ന തോഴി നീ എന്നിലെ മലർ മന്ദാര പുഷ്പങ്ങളാണ്.
തനുതന്ത്രികൾ മീട്ടുന്നു തനിയേ
തരളതാരങ്ങൾ പരത്തുന്നു വെറുതേ
ആരാരും കാണാതെ നിൻ മിഴിനീരു നീ
അനഘമായി പൊഴിക്കുന്നതെന്തേ
അലിയുന്ന ദു:ഖങ്ങൾ അതിലറിയാതെ നീ
അലിയിച്ചുകളയുന്നതെന്തേ
അലിവൂറുന്ന മിഴിനീരിനിയെന്തിനുവേണ്ടി.

നന്ദന എസ് എ
10 എ



# MY FRIEND




The warm and
Charming smile,
The loving things
You do for me
All these make you
very special and dear to me.
You are like a flower
You give lot of pleasure
Just by being
Your words are full of
Fragrance and honey.
Bring you lot of memories to hold.

Megha S Suresh
10 C



# LONELINESS



Life is a lonely path
Which frightens and darkens
Where lovers are passers by,
And friends, mere stranger
Life is a little boat,
Drifting in the ocean,
I travel in the boat
All along in the storm
No one to cheer me up.
No one to console me,
No one to love me,
Facing trials all alone.
I found myself in darkness,
I found myself in doom,
There is no ray of hope,
I am still alone.



Nibiya R Biju
10 C

# Earth Day

Earth Day is an annual event, celebrated on April 22. On that day events are held world wide to support environment protection. It was first celebrated in 1970, and is now coordinated globally by the Earth Day Network and celebrated in more than 193 countries each year.

Rehna Mol S N

10 D





# അർദ്ധ വിരാമങ്ങൾ

ഒരിക്കലെങ്കിലും എനിക്കിഷ്ടമെന്നു-

പറഞ്ഞിരുന്നെങ്കിൽ പരസ്പരം നമ്മൾ

ഇരു പുഴകളേപ്പോൽ നാം

തമ്മിലലിഞ്ഞു ചേർന്നേനെ

അതിരെഴാത്തൊരു പരമ ഹർഷത്തിൻ

അലകടലിലേക്കൊഴുകി ചേർന്നേനെ

കരളിന്നാഴത്തിൽ തുടിക്കും സ്നേഹത്തെ

വെറുതേയെന്തിനോ

മറച്ചു വച്ചു നാം

നിറമൗനത്തിനുണ്ടതിൻറെ സംഗീതം

നിറമൗനത്തിനുണ്ടതിൻറെ സംഗീതം



അക്ഷയ എൽ

10 ബി

# मॆरॆ सपनॆ

कितनॆ सुन्तर है यॆ सपनॆ

कितनॆ प्यारॆ है यॆ सपनॆ

छॊटॆ छॊटॆ सपनॆ

औऱ बडॆ- बडॆ सपनॆ



सपनॆ हॊतॆ है. अच्छॆ भी

सपनॆ हॊतॆ है. बुरॆ भी

जॊ भरता बॆचैनी,

जॊ भरता आजादि

सपनॆ हमॆशा हॊतॆ है

मानॊ या न मानॊ

जहां ऊचाइयाँ गहऱाइयाँ बनूं

और गहऱाइयाँ ऊचाइयाँ बनूं

कितनॆ सुन्तर है यॆ सपनॆ

कितनॆ प्यारॆ है यॆ सपनॆ

अखिन टि ऎस

10 सि



# വനമില്ലെങ്കിൽ നാമില്ല

വനം നമ്മുടെ സമ്പത്താണ്. അത് നശിപ്പിക്കരുത്. നാം ഓരോരുത്തരും വനം സംരക്ഷിക്കുന്നതിനുവേണ്ട മുൻ കരുതലുകൾ എടുക്കണം. വനം ഇല്ലെങ്കിൽ നമ്മുടെ നാട് നശിക്കും. വനങ്ങൾ നശിക്കുമ്പോൾ ആ പ്രദേശത്തുള്ള മൃഗങ്ങൾ നാട്ടിൽ ഇറങ്ങുകയും അവ മനുഷ്യനെ ഉപദ്രവിക്കുകയും ചെയ്യുന്നു. പക്ഷികൾക്കും മൃഗങ്ങൾക്കും അവരവരുടെ വാസസ്ഥലം നഷ്ടപ്പെടുന്നു. വനങ്ങൾ നശിപ്പിച്ചാൽ മഴ ഇല്ലാതാകുന്നു. ഇത് വരൾച്ചയ്ക്ക് കാരണമാകുന്നു. വനങ്ങളിലെ മണ്ണിൽ ഇലകളും ജന്തുക്കളുടെയും സസ്യങ്ങളുടെയും അവശിഷ്ടങ്ങൾ വീണ് ജീർണ്ണിക്കുന്നു.

മഴവെള്ളം വീണ് ഈ ജീർണ്ണന പ്രക്രിയ ത്വരിതപ്പെടുന്നു. ഇത് മണ്ണിൽ കലർന്ന് മേൽ മണ്ണിനെ ഫലപുഷ്ടിയുള്ളതാക്കി തീർക്കുന്നു. മഴവെള്ളം വലിച്ചെടുക്കാൻ മേൽമണ്ണിന് കഴിയുന്നു. വനങ്ങളിലെ മേൽമണ്ണ് അങ്ങനെ ഫലപുഷ്ടിയുള്ളതായിത്തീരുന്നു. വനങ്ങൾ വെട്ടി നശിപ്പിക്കുന്നതിലൂടെ കുടിവെള്ളം കിട്ടാതാവും. വനങ്ങളും പുൽമേടുകളും സംഭരിച്ചു വെയ്ക്കുന്ന മഴവെള്ളമാണ് ഉറവ വറ്റാത്ത കാട്ടാറുകളായി ഒഴുകുന്നത്. ഈ കാട്ടാറുകൾ ഒഴുകിയൊഴുകി നമുക്ക് ജലം

തരുന്ന നദികളായി രൂപപ്പെടുന്നു. വനം നശിക്കുന്നത് മൂലം പല നദികളുടേയും ഉത്ഭവ സ്ഥാനങ്ങളിലെ ഉറവ വറ്റും. മണ്ണൊലിപ്പ് തടയാനും മരങ്ങളും ചെറു ചെടികളും പുല്ലുകളും വേണം. വനം നശിപ്പിക്കപ്പെടുമ്പോൾ മണ്ണൊലിപ്പും ഉരുൾ പൊട്ടലും ഉണ്ടാകുന്നു. ഇത് വെള്ളപ്പൊക്കത്തിന് ഇടയാകുന്നു.

ആയതിനാൽ മരങ്ങൾ നട്ടുവളർത്തുക. "ഓർക്കുക വനമില്ലെങ്കിൽ നാമില്ല".



ശ്രീതു എ എസ്

**10** സി



# ബുദ്ധിയുടെ ബഹുമുഖ വികാസവും പഠനപ്രക്രിയയും

മറ്റേതു പഠനമേഖലയെന്നതുപോലെ വിദ്യാഭ്യാസ സംബന്ധമായ പഠനവും പുതിയ മാനങ്ങൾ ആർജ്ജിച്ചുകൊണ്ടേയിരിക്കുന്നു. പഠനപ്രക്രിയയും സമീപനരീതികളും സ്ഥൂല തലത്തിലെ അപഗ്രഥന സാധ്യതകൾ പിന്നിട്ട് സൂക്ഷ്മതല വിശകലനങ്ങൾക്ക് വിധേയമാവുന്ന കാലമാണിത്.



പഠനലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിന് പഠിതാവിൻറെ വ്യക്തിപരവും സാമൂഹ്യവുമായ പരിമിതികളും സാധ്യതകളും കാരണമാകുന്നു എന്ന തത്വത്തിൽ നിന്നുകൊണ്ട് ബുദ്ധിപരമായ സാഹചര്യങ്ങളെ വിലയിരുത്തുന്ന സമീപനമായിരുന്നു നിലവിലുണ്ടായിരുന്നത്. ശിശുകേന്ദ്രീകൃതം എന്ന സ്ഥൂലമായ ആശയതലത്തിൽ നിന്ന്, സഹജവും ആർജിതവുമായ ബൗദ്ധിക നിലവാരത്തിൻറെ ഇഴ പിരിച്ചുള്ള പഠനവും സമീപന രൂപീകരണവും

പഠനപ്രക്രിയകളെ സ്വാധീനിക്കുന്നതിൻറെ നേർക്കാഴ്ചയാണ് വിദ്യാഭ്യാസ മേഖലയിൽ ഇന്ന് കാണുന്നത്.പാഠ്യപദ്ധതിയുടെ വിനിമയോപാധിയായ പ്രക്രിയകൾ രൂപീകരിക്കുന്ന വേളയിൽ, എന്ത്?, എന്തിന്?, എപ്പോൾ?, എങ്ങനെ?, എന്നീ ചോദ്യങ്ങളേക്കാൾ 'ആരെ'? എന്ന ചോദ്യം പ്രാധാന്യമർഹിക്കുന്നത് മേൽപ്പറഞ്ഞ അടിസ്ഥാനത്തിലാണ്. പഠിതാവിൻറെ ബുദ്ധിനിലവാരം എന്നത് സാമാന്യമായ ഒന്നായി മാറുകയും ബുദ്ധിയുടെ ബഹുമുഖമായ തലങ്ങൾ സൂക്ഷ്മ വിശകലനത്തിനു വിധേമാവുകയും ചെയ്തു. കൃത്യമായി തിരിച്ചറിയാൻ കഴിയുന്ന ഒന്നിലേറെ ഘടകങ്ങളുടെ ആകെത്തുകയാണ് പഠിതാവിൻറെ ബുദ്ധിയെന്ന് അംഗീകരിക്കപ്പെട്ടു. ഹോവാർഡ് ഗാർഡ്നർ (1983) മുന്നോട്ടുവച്ച ബഹുമുഖബൗദ്ധികതാ സിദ്ധാന്തമനുസരിച്ച് [Multiple Intelligence Theory] ഒൻപതോളം മാനങ്ങൾ പഠിതാവിൻറെ ബുദ്ധിപരതയിൽ സമ്മേളിക്കുന്നു.

1. സംഗീതം, താളം - Musical - Rhythmic
2. ദൃശ്യ-സ്ഥലപര ബുദ്ധി - Visual - Spatial
3. ഭാഷാപരം -Verbal - Linguistic
4. യുക്തിപരം-ഗണിതം - Logical, Mathematical
5. കായിക പരം - Bodily, Kinaesthetic
6. വ്യക്ത്യാന്തരം - Inter personal
7. വൈയക്തികം - Intra Personal



8. പ്രകൃത്യനുഖം - Naturalistic

9. അസ്ഥിത്വപരം, മൂല്യാധിഷ്ഠിതം- Existential, Moral.

ഇവയിൽ ഏതെങ്കിലും ഒന്നോ രണ്ടോ ഘടകങ്ങളെ മാത്രം അടിസ്ഥാനമാക്കി പഠിതാവിനെ നിർവ്വചിക്കുകയും വിലയിരുത്തുകയും ചെയ്യുന്നത് പ്രക്രിയയുടെ ഫല പ്രാപ്തിക്കു തടസ്സം നിൽക്കുമെന്നതിൽ സംശയമില്ല. കാരണം മേൽപ്പറഞ്ഞ ഘടകങ്ങൾ ഏറിയും കുറഞ്ഞും ഒരുമിച്ച് ചേർന്നിരിക്കുന്ന വ്യത്യസ്ത യൂണിറ്റുകളാണ് ഓരോ പഠിതാവും.

ബുദ്ധിയുടെ ബഹുമുഖമായ അംശങ്ങളുടെ സാന്നിദ്ധ്യം പഠിതാക്കളിൽ വ്യത്യസ്തതോതിലായിരിക്കും. അവയുടെ ഏറ്റക്കുറച്ചിലുകൾ കണ്ടെത്തി അനുയോജ്യമായ പഠനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാൻ ഓരോ പഠിതാവിനെയും പ്രാപ്തമാക്കുമ്പോഴാണ് ഈ സിദ്ധാന്തം പ്രായോഗികമാവുന്നത്. ഓരോരുത്തരിലും അന്തർലീനമായതിനെ കണ്ടെത്തുകയും, അവ വികസിപ്പിക്കാൻ വേണ്ട തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

***നിലവിൽ അനുഭവപ്പെടുന്ന പരിമിതികൾ***

- കുട്ടികളുടെ എണ്ണക്കൂടുതൽ.
- കലാ-കായിക-പ്രവൃത്തിപരിചയ അധ്യാപകരുടെ അഭാവം.
- സമയപരിമിതി.
- മൂല്യനിർണയ ഉപാധികളുടെ അപര്യാപ്തത.
- വിവിധ കഴിവുകൾ കണ്ടെത്താൻ സ്കൂൾ തലത്തിൽ പരിശോധനകൾ ലഭ്യമല്ലാത്ത അവസ്ഥ.

***ബുദ്ധിയുടെ അഭാവം- കാരണങ്ങൾ***



- വേണ്ടത്രശ്രദ്ധ ലഭിക്കാതിരിക്കുക.
- കുടുംബപരമായ കാരണങ്ങൾ.
- ബോധന മേൽനോട്ടത്തിൻറെ അഭാവം.
- പരിഹാരബോധത്തിൻറെ കുറവ്.
- പാരമ്പര്യം.
- ആത്മവിശ്വാസക്കുറവ്.

## പരിഹാര മാർഗ്ഗങ്ങൾ

- ➔ കുട്ടിയെ നിരന്തരം മനസ്സിലാക്കുക.
- ➔ കഴിവും ദൗർബല്യവും കണ്ടെത്താൻ സ്കൂളിൽ പരിശോധനാസമ്പ്രദായങ്ങൾ ലഭ്യമാക്കണം.
- ➔ പരിഹാരബോധനത്തിന് അവസരം.
- ➔ അനുയോജ്യമായ മൂല്യനിർണ്ണയം.
- ➔ ആവർത്തന രീതി ഉപയോഗിക്കുക.
- ➔ പ്രവർത്തനങ്ങളിൽ എല്ലാപേരുടെയും പങ്കാളിത്തം ഉറപ്പാക്കുക.
- ➔ മൂല്യനിർണയത്തിന് വ്യത്യസ്ത ഏകകങ്ങൾ ഉപയോഗിക്കുക.
- ➔ ചെറിയ ക്ലാസ് മുതൽ തന്നെ ശ്രദ്ധയും പരിഗണനയും കാണിക്കുക.

--------------

**മംഗളാംബാൾ**
**ജി.വി.എച്ച്.എസ്.എസ്. കരുപ്പൂര്**

# ഒ എൻ വി കുറുപ്പ്

## ➔ ഓർമ്മ



പ്രണയ ധീരത കൈവിടാത്ത മനുഷ്യർ എവിടെയുണ്ടോ അവിടെയെല്ലാം പിന്നെയും പിന്നെയും സ്നേഹം ജനിക്കുമെന്ന് ഉറക്കെ പ്രഖ്യാപിച്ച ഒ എൻ വി സാറിൻറെ വിയോഗം ഓരോ മലയാളിക്കും മലയാള സാഹിത്യത്തിനും തീരാ നഷ്ടം തന്നെയാണ്. ഭാവനാസമ്പന്നവും അർഥഗാംഭീര്യവും പുരവൃത്ത നിബദ്ധവുമായ ഒ എൻ വി കാവ്യങ്ങൾ അനുവാചകരെ ആഴത്തിൽ ചിന്തിപ്പിക്കുന്നു. ഇളയുടെ ജീവധാരയായി അമൃതശാന്തി നേരുന്ന ഗീതം പാടി പാടി അമരത്വം നേടാമെന്ന് വെളിപാട് കൊള്ളുന്ന കവി, "ഹാ വിജിഗീഷു മൃത്യുവിന്നാമോ




ജീവിതത്തിൻ കൊടിപ്പാടം താഴ്ത്താൻ "എന്ന ചോദ്യത്തിലല്ല, മറിച്ച്

അങ്ങ് അവിടെ കൊടിയേറുന്ന നീളുന്ന നമ്മുടെ ജീവിതമെന്ന മഹാമോഹം"

എന്ന പ്രസ്താവിക്കുമ്പോൾ കവിയുടെ വിശ്വാസ പ്രമാണത്തിന് വായനക്കാരും കൈയൊപ്പ് ചാർത്തുന്നു. ആ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**ശ്രീദേവി**
**ജി.ജി.എച്ച്.എസ്.എസ്**
**നെടുമങ്ങാട്**

➔

# ➔ കുട്ടികളെ ബലികൊടുക്കരുതേ....

➔

➔ മന്ത്രവാദികളേയും തട്ടിപ്പ് വീരന്മാരേയും കൊണ്ടു നിവത്തിയില്ലെന്ന് സധാണക്കാരായ ചിലരെങ്കിലും മീഡിയയ്ക്കു മുന്നിൽ വിളിച്ചു പറയുന്നു.ഇത്തരം അനുഭവങ്ങൾ എത്രതവണ ആവർത്തിച്ചു.എത്ര കുട്ടികളുടെ ജിവനെടുത്തു.പേവിഷത്തിനു പോലും ചികിത്സിക്കാതെ മന്ത്രവാദം നടത്തുന്ന നാടാണീ നവോത്ഥാന കേരളം.നമ്മളൊക്കെ അറിഞ്ഞും അറിയാതെയും എത്ര കുട്ടികളാണ് ഇത്തരം തട്ടിപ്പുകളിൽ ബലിയാടാകുന്നത്.രക്ഷകർത്താക്കളുടെ ഇത്തരം വിശ്വാസം മൂലം രോഗങ്ങൾക്കു ചികത്സിക്കാതെ നിസഹായരായി തളർന്നുപോകുന്ന കുട്ടികൾ.സ്കൂളുകളിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുകയാണെങ്കിൽ മാനസികമായി പരിഭ്രാന്തി കാണിക്കുന്ന കുട്ടികളിലേക്കിറങ്ങിച്ചെല്ലുമ്പോൾ അറിയാൻ കഴിയുക വീടുകളിലെ മന്ത്രവാദചികിത്സകളാണ്.ആ വീടുകളിൽ പോയി രക്ഷകർത്താക്കളോട് സംസാരിച്ചിട്ടുണ്ട്.അപൂർവം ചിലർ മാത്രമേ അല്പമെങ്കിലും മാറിച്ചിന്തിട്ടുള്ളു.മറ്റുള്ളവരുടെ കടുത്ത 'വിശ്വാസം 'അവരുടെ വാക്കുകളിൽ നേരിട്ടനുഭവിച്ചിട്ടുണ്ട്. സ്കൂളിൽ പൊതുവായി ഇത്തരം വിശ്വാസങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ക്ലാസ് റൂം വർത്തമാനങ്ങളിലൂടെ കുട്ടികളെ പൂപോലെ നമുക്ക് ഇത്തരം വിശ്വാസങ്ങളിൽ നിന്നും മാറ്റിയെടുക്കാം.(അനുഭവമാണ്)പക്ഷേ രണ്ടാഴ്ച കഴിയുമ്പോ അവൾ അല്ലെങ്കിൽ അവൻ അത്തരം വിശ്വാസങ്ങളിൽ നിന്നും മാറിനടന്നതു കാരണം



**(ചരട് കെട്ടാത്തത് കാരണം)പനി വരുന്നു ..തലവേദന വരുന്നു എന്നു പറഞ്ഞ് രക്ഷകർത്താക്കളുടെ വരവാണ്!!!എന്തൊക്കെ പറഞ്ഞാലാണ് അവരെ ബോധ്യപ്പെടുത്തുക എന്നറിയില്ല.ഒരു വഴിയേയുള്ളു ..അധ്യാപകരുടെ ശ്രമം ഒരു ഭാഗത്ത്..അതിനോടൊപ്പം എല്ലാ രാഷ്ട്രീയപാർട്ടികളുടേയും മറ്റു സംഘടനകളിലേയും യുവവിഭാഗം ഇറങ്ങിത്തിരിക്കണം ജനങ്ങളെബോധവല്ക്കരിക്കണം. രാഷ്ട്രീയ മതഭേദമില്ലാതെ നമ്മൾ പ്രളയ ദുരന്തത്തിലിടപെട്ടപോലെ മറ്റു പ്രശ്നങ്ങളിൽ നിസ്വാർത്ഥമായി ഇടപെടുന്നപോലെ ..അവർക്കേ കഴിയൂ.. ...ഒരു കാര്യം മാത്രം ഇറങ്ങുന്നതിനു മുൻപ് മുതിർന്നവരോ നേതാക്കന്മാരോ നമ്മുടെ മനസില് കെട്ടിത്തന്ന എല്ലാത്തരം അന്ധവിശ്വാസത്തിന്റേയും (ചരട് കെട്ടാത്തത് കാരണം)പനി വരുന്നു ..തലവേദന വരുന്നു എന്നു പറഞ്ഞ് രക്ഷകർത്താക്കളുടെ വരവാണ്!!! എന്തൊക്കെ പറഞ്ഞാലാണ് അവരെ ബോധ്യപ്പെടുത്തുക എന്നറിയില്ല.ഒരു വഴിയേയുള്ളു ..അധ്യാപകരുടെ ശ്രമം ഒരു ഭാഗത്ത്..അതിനോടൊപ്പം എല്ലാ രാഷ്ട്രീയപാർട്ടികളുടേയും മറ്റു സംഘടനകളിലേയും യുവവിഭാഗം ഇറങ്ങിത്തിരിക്കണം ജനങ്ങളെബോധവല്ക്കരിക്കണം. രാഷ്ട്രീയ മതഭേദമില്ലാതെ നമ്മൾ പ്രളയ ദുരന്തത്തിലിടപെട്ടപോലെ മറ്റു പ്രശ്നങ്ങളിൽ നിസ്വാർത്ഥമായി ഇടപെടുന്നപോലെ ..അവർക്കേ കഴിയൂ.. ...ഒരു കാര്യം മാത്രം ഇറങ്ങുന്നതിനു മുൻപ് മുതിർന്നവരോ നേതാക്കന്മാരോ നമ്മുടെ മനസില് കെട്ടിത്തന്ന എല്ലാത്തരം അന്ധവിശ്വാസത്തിന്റേയും 'ചരട'ഴിച്ചു കളയണം. ചിന്തകൾ സ്വതന്ത്രമായിരിക്കണം. ഇത്തരം മന്ത്രവാദികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം.അവർക്ക് ശിക്ഷ ഉറപ്പാകുന്നുണ്ടോയെന്ന് നിരീക്ഷിക്കണം...**

ബിന്ദു റ്റി എസ്
➔ ജി എച്ച്.എസ്. കരുപ്പൂര്

# റിപ്പോർട്ട്

മാതൃഭൂമി സീഡ് ക്ലബ്, മനോരമയുടെ നല്ലപാഠം പദ്ധതി എന്നീ ക്ലബുകളുടെ ഭാഗമായി സീഡ് കോ-ഓർഡിനേറ്റർ വിനോദ് ആർ.വി,നല്ലപാഠം കോ-ഓർഡിനേറ്റർമാരായ ദിവ്യ .എസ്,സുജ.ടി.എ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ.

1. നൂതന ജൈവ പച്ചക്കറികൃഷിക്കു തുടക്കം

നൂതന ജൈവ പച്ചക്കറി കൃഷിയുടെ ഭാഗമായി 40-ഓളം ഗ്രോബാഗുകളിൽ വിവിധയിനം പച്ചക്കറി തൈകളായ വഴുതന,മുളക്,വെണ്ട എന്നിവ നട്ടു പരിപാലിക്കുന്നു. ജല സംരക്ഷണത്തിന് ഊന്നൽ നൽകി നൂതന സാങ്കേതിക തുള്ളിനന ജലസേചന രീതിയാണ് അവലംബിച്ചത് .കൃത്യമായ അളവിൽ പച്ചക്കറി തൈകൾക്ക് ജല ലഭ്യത ഉറപ്പാക്കാൻ കുട്ടികളുടെ സഹായത്തോടെ സാധിക്കുന്നു. ജലസേചന പദ്ധതിയിൽ ഉൾപ്പെട്ട ജലസേചന മാർഗ്ഗങ്ങളുടെ മാതൃക നിർമ്മാണ പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകി. പ്രസ്തുത പരിപാടി പ്രിൻസിപ്പാൾ സിന്ദുലേഖ വിദ്യാർത്ഥികൾ തയ്യാറാക്കിയ ഗ്രോബാഗിൽ മുളക് തൈ നട്ടു പച്ചക്കറി കൃഷിക്കു തുടക്കം കുറിച്ചു.

2.എല്ലാ വിദ്യാർത്ഥികൾക്കും പച്ചക്കറി വിത്തുകളും വിദ്യാലയങ്ങളിൽ ജൈവ പച്ചക്കറി തോട്ടവും

സ്കൂളിൽ വി.എച്ച്.എസ്.ഇ വിഭാഗത്തിൽ "എല്ലാ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തുകളും വിദ്യാലയങ്ങളിൽ ജൈവ പച്ചക്കരി തോട്ടവും " എന്ന ആശയം മുൻനിർത്തി വിദ്യാർത്ഥികൾക്കു പച്ചക്കറി വിത്തുകൾ വിതരണം നടത്തി. പച്ചക്കറി വിത്തുകളായ വഴുതന, മുളക്,വെണ്ട,തക്കാളി,പയർ എന്നിവ അടങ്ങിയ കിറ്റ് അദ്ധ്യാപികയായ ദിവ്യ.എസ് സ്കൂൾ ലീഡറായ ഷിനി ജോണിനു നൽകി ഉദ്ഘാടനം നിർവഹിച്ചു. കാർഷിക വിളകളുടെ പരിപാലനവും ജൈവ

വളങ്ങളുടെ ഉപയോഗം മാത്രമുള്ള ഒരു ജൈവ പച്ചക്കറി തോട്ടം വിദ്യാർത്ഥികളിലൂടെസ്കൂളൂൽ നിർവഹിക്കുക എന്ന ലക്ഷ്യം ഉൾകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. സമൂഹത്തിൽ വളർന്നു വരുന്ന പുതു തലമുറ കാർഷിക സംസ്കാരത്തിൽ സ്വയം പര്യാപ്തതകൈവരിക്കാനും സാധിക്കുന്ന പദ്ധതിയാണിത്.

3.ഒരു കുട്ടിക്കു ഒരു വാഴ പദ്ധതി

സ്കൂൾ വളപ്പിൽ ഓരോ കുട്ടിയും ഓരോ വാഴതൈ നട്ടു കൊണ്ടായിരുന്നു ഒരു കുട്ടിക്കു ഒരു വീഴ പദ്ധതിക്ക് തുടക്കമിട്ടത്. പദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ പി.ടി.എ പ്രസിഡന്റ് സുനിൽ കുമാർ .കെ നിർവഹിച്ചു. റോബസ്റ്റ ,ഞാലിപ്പൂവൻ , പാളയന്തോടൻ എന്നി വിത്തിനങ്ങൾ സ്കൂളിൽ നട്ടു. കൃഷി പാഠ്യ വിഷയമായ വിദ്യാർത്ഥികളിൽ പ്രായോഗിക പരിശീലനത്തിലൂടെ കൃഷിയുടെ വാസന വളർത്തുന്നതിന് ഈ പരിപാടി ലക്ഷ്യമാക്കുന്നു.

4. കാർഷികദിനാചരണം

കാർഷികദിനാചരണത്തോടനുബന്ധിച്ച് , കൊക്കോട്ടേല സ്വദേശിയും മികച്ച കർഷക അവാർഡ് ജേതാവുമായ കെ. സഞ്ജയൻ വിദ്യാർത്ഥികളുമായി സംവാദിച്ചു. കൂടാതെ കർഷകനായ കെ.സഞ്ജയനെ പൊന്നാട പ്രിൻസിപ്പാൾ സിന്ദുലേഖ അണിയിക്കുകയും ചെയ്തു.
കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും സഞ്ജയൻ ചെയ്യുന്ന വിവിധ പച്ചക്കറികളുടെ കൃഷിരീതിയും ,കീട നിയന്ത്രണ മാർഗങ്ങളും വിദ്യാർത്ഥികളുമായി പങ്കിവച്ചു.
വിദ്യാർത്ഥികൾക്കിടയിൽ പച്ചക്കറി കൃഷി ചെയ്യുന്നവരെ അഭിനന്ദിക്കുകയും നിർദേശങ്ങൾ നൽകുകയും ചെയ്യുവാൻ അദ്ദേഹം മറന്നില്ല.

5. കാർഷിക പ്രദർശനവും പരിശീലനവും

ക്ലാസ് മുറിയിൽനിന്നും പ്രായോഗിക പരിശീലനങ്ങളിൽ  നിന്നും ആർജ്ജിച്ച അറിവുകൾ ദൃശ്യവത്കരിച്ചുകൊണ്ട് ആര്യനാട് VHSS-ലെ അഗ്രികൾച്ചർ വിദ്യാർത്ഥികൾ ഒക്ടോബർ 4-ാംതീയതി സ്കൂൾ അങ്കണത്തിൽ "ജീവനം അതിജീവനം"എന്ന പേരിൽ കാർഷിക പ്രദർശനവും പരിശീലനവും സംഘടിപ്പിച്ചു. ജൈവ കൃഷി എന്ന ആശയം എൽ.പി,യു.പി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള വിദ്യാർത്ഥികളിൽ എത്തിക്കുക ,നൂതന ജലസേചന രീതികൾ ,വിവിധയിനം കാർഷിക ഉൽപ്പന്നങ്ങൾ,കാർഷിക ഉപകരണങ്ങൾ ,കൂൺ കൃഷി ,ഫലവർഗ്ഗ സംസ്കരണം,സസ്യങ്ങളിലെ കായിക പ്രജനന രീതികൾ,ഫ്ലവർ അറേഞ്ച്മെന്റ്, മണ്ണ് ജലസംരക്ഷണം ,വിളകളെ ആക്രമിക്കുന്ന വിവിധ രോഗങ്ങളും കീടങ്ങളും അവയുടെ നിയന്ത്രണ മാർഗ്ഗങ്ങളും,രാസകീടനാശിനികളുടെ ദോഷഫലങ്ങൾ, കീടനാശിനിയുടെ അവശിഷ്ടം നീക്കം ചെയ്യാനുള്ളമാർഗങ്ങൾ, പോളിഹൗസ് കൃഷി ,അക്വപോണിക്സ്സംയോജിത കൃഷിസമ്പ്രദായം, മട്ടുപ്പാവ് കൃഷി എന്നിവ പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് ഈ സംരംഭത്തിന് ഉള്ളത്.

വിവിധ ഇനം ജൈവവളങ്ങൾ,ജൈജവകീടനാശിനികൾ ,രോഗ കീടനിയന്ത്രണത്തിന് വ്യാപകമായി ഉപയോഗിക്കുന്ന മിത്ര കുമിളുകൾ,ബാക്ടീരിയകൾ, മാതൃക അടുക്കള തോട്ട നിർമ്മാണം,ജൈവകൃഷിപരിപാലനമുറകൾ എന്നിവയിലാണ് കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത് . കൂടാതെ കുടുംബ ശ്രീ അംഗങ്ങൾക്കായി കൂൺകൃഷി ,ജൈവകീടനാശിനികളുടെ നിർമ്മാണം,രോഗനിയന്ത്രണത്തിന് ട്രൈക്കോഡെർമ ഉപയോഗിക്കേണ്ട രീതി എന്നിവിഷയളിൽ വിദ്യാർത്ഥികൾ തന്നെ പരിശീലനം നൽകി .അഗ്രികൾച്ചർ അധ്യാപകരായ ദിവ്യ.എസ്, വിനോദ്.ആർ.വി,ബയോളജി അധ്യാപികയായ സുജ .ടി.എ എന്നിവരുടെ മേൽനോട്ടത്തിലാണ് വിദ്യാർത്ഥികൾ കാർഷിക ഉത്പന്നങ്ങളും മോഡലുകളും ഒരു ക്കിയത് .ഇത് കൂടാതെ വി.എച്ച്.എസ്.ഇ അഗ്രികൾച്ചർ വിദ്യാർത്ഥികൾ സ്കൂൾ പരിസരത്ത് ഒരുിയിരിക്കുന്ന ശലഭോദ്യാനം, ഔഷധത്തോട്ടം-തിഫല,നാൽപ്പാമരം,പഞ്ച വടി മാതൃശിശു പരിപാലനസസ്യങ്ങൾ സഞ്ജീവനി ധന്വന്തരി-  നാട്ടു സസ്യങ്ങളുടെ പുനർജ്ജനിമൂല ,ദശപുഷ്പങ്ങൾ, നക്ഷത്രവനം, തുളസിയുടെ

വിവിധയിനങ്ങൾ, പച്ചക്കറി തോട്ടം എന്നിവയും വാഴകൃഷി, കപ്പകൃഷി, മട്ടുപ്പാവ് കൃഷി ,ജലസംരക്ഷണിന് അവലംബിക്കുന്ന നൂതന ജലേസചന മാർഗ്ഗങ്ങൾ എന്നിവയും പ്രദർശിപ്പിച്ചു. ഈ സംരംഭത്തിനു പിന്തുണയുമായി സ്കൂൾ പി.ടി.എയും വി.എച്ച്.എസ്.ഇ വിഭാഗം അധ്യാപകരും സ്കൂളിലെ എല്ലാ വിഭാഗങ്ങളിലെയും അധ്യാപക അനധ്യാപകരും വിദ്യാർത്ഥികളും ഉണ്ട്. പ്രസ്തുത പരിപാടി ആര്യനാട് കൃഷി ഓഫീസർ സിന്ധുലേഖ ഉദ്ഘാടനം നിർവഹിച്ചു.

6. <u>ചിത്രശലഭങ്ങളുടെ വീട്</u>



വിദ്യാർത്ഥികൾ ഒരുക്കിയ സ്കൂളിലെ ഉദ്യാനം ശലഭങ്ങൾക്ക് പ്രിയം. അരളിശലഭം,തകരമുത്തി, ആൽബ ട്രോസ് പ്രാക്ലേറ്റ്,സോൾഡിർ, ഗ്രേ പാൻസി, ലെമൺപാൻസി കേരളത്തിലെ വലിയ ചിത്രശലഭമായ സത്തേൺ ബേർഡ് വിങ്ങ് ബട്ടർഫ്ലൈ തുടങ്ങിയവ ഇവിടുത്തെ സ്ഥിരം സന്ദർശകരാണ്. സ്ഥലപരിമിതിയുള്ള വി.എച്ച്.എസ്.ഇ വിഭാഗത്തിൽ പൂന്തോട്ടത്തിനു ചുറ്റും കോൺക്രീറ്റ് അതിരു പണിതു മണ്ണ് നിറയ്ക്കുകയും അവിടെ വിവിധയിനം ചെടികവ്വ നട്ടു പിടിപ്പിക്കുകയും ,പൂന്തോട്ടത്തിനു നടുവിൽ ഗപ്പി കുഞ്ഞുങ്ങൾ നിറഞ്ഞ ഒരു ചെറിയ ആമ്പൽ കുളവും ഒരുക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാർത്ഥികൾ ശേഖരിച്ച ചെടികൾ പ്രത്യേക പോട്ടിങ്ങ് മിശ്രിതം തയ്യാറാക്കിയാണ് നട്ടിരിക്കുന്നത്. യഥാ സമയം വള പ്രയോഗവും സസ്യസംരക്ഷണവും ജലസേചനവും വിദ്യാർത്ഥികൾ തന്നെയാണ് ഇവിടെ നടത്തിവരുന്നത്. പൂമ്പാറ്റകളെ ആകർഷിക്കാനുള്ള തരം ചെടികൾ നട്ടുപിടിപ്പിക്കാൻ പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. ശലഭോദ്യാനത്തിന്റെ ഏറ്റവും പുറകിലായി പനകളുടെ ഒരു വരി കൂടാതെ വിവിധ നിറത്തിലുഴ്ഴ പൂക്കൾ നിറഞ്ഞ പത്തുമണി,കോസ്മോസ്.ലന്റാന ,ജമന്തി,കോളാമ്പി,ടെക്കോമിറ,ചെമ്പരത്തി,കാശ ിത്തുമ്പ,കാക്കപ്പൂവ്, കൂടാതെ വിവിധയിനം റോസച്ചെടികളും ഈ ഉദ്യാനത്തിനെ മനോഹരമാക്കുന്നു. അന്യമായികൊണ്ടിരിക്കുന്നതും സംരക്ഷിക്കപ്പെടേണ്ടതുമായ

ഔഷധ ഗുണമുള്ള നാട്ടു സസ്യങ്ങളായ കൈയ്യോന്നി,പൂവാംകുരുന്ന്,മുക്കുറ്റി,കൊടങ്ങൽ,മുയൽചെവിയൻ ,കല്ലുരുക്കി,കീഴാർ നെല്ലി,നിലപ്പന,ശവംനാറി,എന്നിവയും ഉദ്യാനത്തിൽ ധന്വന്തരി എന്ന് നാമകരണം ചെയ്തു പുനർജ്ജനിമൂലയിൽ കുട്ടികൾ പരിപാലിക്കുന്നു.

പുതുതലമുറയിലെ വിദ്യാർത്ഥികളെ പ്രകൃതിയോട് അടുപ്പിക്കാനും ശലഭങ്ങളെ അടുത്തറിയാനും അവയെ സംരക്ഷിക്കുവാനും അതോടൊപ്പം ഔഷധ മൂല്യമുള്ള നാട്ടു സസ്യങ്ങളെ പറ്റിയുള്ള അവബോധം സൃഷടിക്കുവാനും അവയെ പരിപാലിക്കപ്പെടേണ്ട ആവശ്യകത ബോധ്യപ്പെടുത്താനും ലക്ഷ്യം വച്ചുള്ള ഒരു സംരംഭമാണ് ഈ ശലഭോദ്യാനം . പൂർണ്ണ പിന്തുണയുമായി പി.ടി.എ-യും അധ്യാപകരും രംഗത്തുണ്ട്.

7.<u>ലോക ഭക്ഷ്യദിനാചരണം</u>

വിദ്യാർത്ഥികൾ നട്ട മട്ടുപ്പാവിലെ പച്ചക്കറി കൃഷിക്ക് നൂറുമേനി വിളവ്. ലോക ഭക്ഷ്യ ദിനത്തിൽ നടന്ന പയറിന്റെ വിളവെടുപ്പ് ആര്യനാട് കൃഷി ഓഫീസർ സി.എസ് ചന്ദ്രലേഖ നിർവഹിച്ചു.പയർ,വെണ്ട,തക്കാളി,വഴുതന,ചീര തുടങ്ങിയവയാണ്. മട്ടുപ്പാവിൽ കൃഷി ചെയ്തത്. ചാണകപൊടി,കോഴിക്കാഷ്ഠം,മണ്ണിര കമ്പോസ്റ്റ്,എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്,ചാരം,കുമ്മായം എന്നിവ അടിവളമാക്കി നൽകിയാണ് വിദ്യാർത്ഥികൾ തൈകൾ നട്ടു പരിപാലിച്ചത്.. വിളവെടുത്ത 3 ലെഗ് പയർ ,ചീര,മുളക്,തക്കാളി,എന്നിവ സ്കൂളിൽ തന്നെ വിറ്റഴിച്ചു.

8.<u>സൗജന്യ മണ്ണ് പരിശോധന</u>

വിദ്യാർതഥികളിൽ കൗതുകമുണർത്തി കൃഷി വകുപ്പിന്റെ സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാല സ്കൂളിൽ സന്ദർശനം നടത്തി. മണ്ണ് സാംപിളുകൾ ശേഖരിക്കുന്നതും മണ്ണ് പരിശോധന രീതികളും എന്നിവയെ കുറിച്ചും ഒന്നാം വർഷ അഗ്രികൾച്ചർ വിദ്യാർത്ഥികൾക്കു പാറോട്ടുകോണം സഞ്ചരിക്കുന്ന പരിശോധന ലാബിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് എസ്.പത്മം ,കൃഷി ഓഫീസർ രേഖ

വി.ആർ നായർ എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു.പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകിയതു പ്രകാരം പ്രദേശത്തെ കർഷകരും മണ്ണ് സാമ്പിളുകൾ സ്കൂളിൽ പരിശോധനയ്ക്കു കൊണ്ടുവന്നു. ഏകദേശം നാൽപ്പത്തഞ്ചോളം മണ്ണ് സാമ്പിളുകൾ സൗജന്യമായി പരിശോധിച്ചു. പരിശോധന ഫലങ്ങൾ കർഷകർക്കു നൽകുകയും ചെയ്തു.

9.ക്ലാസ് മുറിയിൽ നിന്ന് പാടത്തേക്ക്

ആര്യനാട് വി.എച്ച്.എസ്.എസ് സ്കൂളിലെ വി.എച്ച്.എസ്.ഇ വിഭാഗം ഓൺ ദി ജോബ് പരിശീലനത്തിന്റെ ഭാഗമായി ഒന്നാം വർഷ വി.എച്ച് .എസ്.ഇ വിദ്യാർത്ഥികൾ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കരമന സംയോജിത കൃഷിസമ്പ്രദായ ഗവേഷണ കേന്ദ്രം സന്ദർശിച്ചു.

ശാസ്ത്രീയ കൃഷി സമ്പ്രദായങ്ങൾ അവലംബിച്ചു കൊണ്ട് നടത്തുന്ന നെൽ കൃഷി,സംയോജിത കൃഷിസമ്പ്രദായത്തിന്റെ മറ്റ് ഘടകം ,മത്സ്യ കൃഷി,താറാവ് വളർത്തൽ,കോഴി വളർത്തൽ, കാട വളർത്തൽ ,തേനീച്ച വളർത്തൽ, മുയൽ, ആട് എന്നിവയുടെ പരിപാലനം,ആളോള കൂൺ കൃഷി,മട്ടുപ്പാവ് തോട്ടം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നിവ കൂടാതെ ആധുനിക രീതികളായ അക്വാപോണിക്സ്,ഹൈഡ്രോപോണിക്സ്, കൂടാതെ ലംബകൃഷിയുടെ വിവിധ മാതൃകകൾ ,തിരിനന സമ്പ്രദായം എന്നിവയും നേരിട്ട് കണ്ട് മനസിലാക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചു. കരമന ഗവേഷണ സ്ഥാപനത്തിൽ വികസിപ്പിച്ചെടുത്ത വിവിധ സംയോജിത സമ്പ്രദായ മാതൃകയെ കുറിച്ചും അവയുടെ ഗുണത്തെക്കുറിച്ചും അസിസ്റ്റന്റ് പ്രൊഫസറായ ഡോ: ബി.സുധ ക്ലാസ് എടുത്തു. മണ്ണ് പരിപാലനത്തിന്റെ ആവശ്യകതയെ കുറിച്ചും ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചും അസിസ്റ്റന്റ് ഡോ: എ.വി മിശ്ര ക്ലാസ് എടുത്തു. കാർഷിക മേഖലയിലെ യന്ത്രവത്കരണം എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം ലഭിച്ചു. ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങുന്ന പഠനത്തിനുപരി നെൽപ്പാടത്ത് ചെളിയിൽ ഇറങ്ങി ട്രില്ലർ പോലുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ പ്രവേശനം നേടിയത് വിദ്യാർത്ഥികൾക്ക് വേറിട്ട ഒരനുഭവം കൂടിയായി . ഇത് കൂടാതെ കൊയ്ത്ത് യന്ത്രം കള നിയന്ത്രണത്തിന്

ഉപയോഗിക്കുന്ന ക്രോണോവിഡ് ബ്രഷ് കട്ടർ എന്നിവ ഉപയോഗിക്കുവാനും അവർ പരിശീലനം നേടി.

**10.ഒരുകുട്ടിക്ക് ഒരു ഗ്രോബാഗ് പദ്ധതിയുമായി വിദ്യാർത്ഥികൾ ആര്യനാട് സർക്കാർ എൽ.പി.എസ് സ്കൂളിൽ**




വിദ്യാർത്ഥികൾ ശിശു ദിനാഘോഷത്തിന്റെ ഭാഗമായി ആര്യനാട് സർക്കാർ എൽപി സ്കൂളിലെ കുഞ്ഞു വിദ്യാർത്ഥികൾക്ക് കൃഷിയുടെ ബാലപാഠങ്ങൾ പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെ 50-യോളം ഗ്രോബാഗുകളുമായി സന്ദർശനം നടത്തി. വിദ്യാർത്ഥികൾ തയ്യാറാക്കിയ പോട്ടിങ്ങ് മാശ്രിതങ്ങൾ നിറച്ച ഗ്രോബാഗുകളും




പച്ചക്കറി തൈകളും സ്കൂളിനു നൽകുകയും ചെയ്തു.ഒരു മാതൃകാ ജൈവ പച്ചക്കറി തോട്ടം ക്രമീകരിക്കുന്ന വിധങ്ങൾ എങ്ങനെയാണ് എന്ന് കുഞ്ഞുങ്ങൾക്ക് പറഞ്ഞു മനസ്സിലാക്കുകയും ,ഓരോ ഗ്രോബാഗുകളിൽ പച്ചക്കറി വിത്തുകൾ നടുന്ന പരിശീലനവും നൽകി. യഥാ സമയത്തുള്ള ജലസേചനം അത്യാവശ്യമാണെന്ന് വിദ്യാർത്ഥികൾ പറഞ്ഞു കൊടുത്തു. കൃഷിയുടെ നന്മ വിദ്യാർത്ഥികളിൽ പകർന്നു നൽകാൻ സാധിച്ചു.



# താളുകൾ അവസാനിക്കുന്നില്ല....................

# Love your job

# But don’t love your company

# because you may not know

# when your

# company

# stops loving

# you……



---

Dr.APJ Abdul kalam